**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലാ പഞ്ചായത്ത്- പട്ടിക ജാതി വികസന ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടുകൾ-പട്ടിക ജാതിയിൽ പെട്ടവർക്ക് ശിങ്കാരി മേളം പരിശീലനം -സംസ്ഥാന ഓഡിറ്റ് വകുപ്പ് -ഓഡിറ്റ് തടസ്സം- 2,99,400/- രൂപയ്ക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

==========================================================================

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ) നം.518 /2021/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം: 20/02/2021

പരാമർശം: 1. സംസ്ഥാന ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ച കൊല്ലം ജില്ലാ പഞ്ചായത്തിന്റെ 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.14

2. കൊല്ലം ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 29/05/2019 ലെ 4(1) നമ്പർ തീരുമാനം

3. കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 21/06/2019 ലെ- എ 8-2551/17 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലാ പഞ്ചായത്തിൽ പട്ടിക ജാതി വികസന ഓഫീസർ നിർവഹണോദ്യോഗസ്ഥനായി 2015-16 വർഷത്തിൽ നടപ്പിലാക്കിയ പട്ടിക ജാതിയിൽ പെട്ടവർക്ക് ശിങ്കാരി മേളം പരിശീലനം എന്ന പദ്ധതിയിൽ (പ്രോജക്ട് നം.569/16) പദ്ധതി ചെലവിനത്തിൽ അധികമായി ചെലവഴിച്ച ₹ 2,99,400/-(രണ്ടുലക്ഷത്തി തൊണ്ണൂറ്റിഒൻപതിനായിരത്തി നാനൂറു രൂപ മാത്രം) ഓഡിറ്റ് നിരാകരിക്കുകയുണ്ടായി. പദ്ധതി മാർഗ്ഗരേഖയിൽ അനുവദനീയമായ സബ്സിഡി നിരക്ക് 50%മാത്രമാണ് എന്ന് ചൂണ്ടിക്കാട്ടിയാണ് ഓഡിറ്റ് ഈ ചെലവ് നിരാകരിച്ചത്. ഈ പരാമർശത്തിന് സാധൂകരണം ലഭ്യമാക്കണമെന്ന് കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശം (3) പ്രകാരം അപേക്ഷിച്ചിരുന്നു.

2) 2015-16 സാമ്പത്തിക വർഷത്തിൽ ബാധകമായിരുന്ന പദ്ധതി മാർഗ്ഗരേഖയിൽ പട്ടിക വിഭാഗത്തിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി തുക മൊത്തം പദ്ധതി ചെലവിന്റെ 50% മാത്രമാണ് എന്ന കാരണത്താലാണ് അധികമായി ചെലവഴിച്ച ₹ 2,99,400/-(രണ്ടുലക്ഷത്തി തൊണ്ണൂറ്റിഒൻപതിനായിരത്തി നാനൂറു രൂപ മാത്രം) ഓഡിറ്റ് നിരാകരിച്ചത് .

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ഈ പദ്ധതി നടപ്പിലാക്കിയ 2015-16 സാമ്പത്തിക വർഷത്തിൽ പട്ടിക വിഭാഗത്തിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി തുക മൊത്തം ചെലവിന്റെ 50% ആയിരുന്നുവെങ്കിലും പട്ടിക ജാതിയിൽ പെട്ടവർക്ക് തൊഴിൽ ലഭിക്കുന്നതിന് സഹായകരമായ ഒരു പദ്ധതി ആയിരുന്നു ശിങ്കാരി മേളം പരിശീലനം എന്നതിനാലും ,ഈ പദ്ധതിയുടെ ഗുണഫലം പട്ടിക ജാതിയിൽ പെട്ടവർക്ക് ലഭിച്ചിട്ടുണ്ട് എന്നതു പരിഗണിച്ചും അധികമായി ₹ 2,99,400/-(രണ്ടുലക്ഷത്തി തൊണ്ണൂറ്റിഒൻപതിനായിരത്തി നാനൂറു രൂപ മാത്രം) ചെലവഴിച്ച നിർവഹണ ഉദ്യോഗസ്ഥന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ജെയ്സി പോൾ
അണ്ടർ സെക്രട്ടറി

സെക്രട്ടറി, കൊല്ലം ജില്ലാ പഞ്ചായത്ത്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്.
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ,ഐ.കെ.എം,തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.